പോലീസ് വകുപ്പ്

കേരളം

**No.H1-4365/2020/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
📞04962523031

തീയതി.17-01-2023

**DO No. 17/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി : ശ്രീ ജയരാജൻ CPO(D 9782)(PEN 143589) എന്നയാൾക്കെതിരെയുള്ള വാക്കാലന്വേഷണം(H1PR 4&5/2020 DR)-പി ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് :-

സൂചന : 1.ഈ ഓഫീസിലെ 22.01.2020 തിയ്യതിയിലെ 40/2020 DR നമ്പർ ജില്ലാ ഉത്തരവ്
2.താമരശ്ശേരി DySP യുടെ 28.12.2020 തിയ്യതിയിലെ പി ആർ മിനുറ്റ്സ്
3.16.11.2022 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4.കാരണം കാണിക്കൽ നോട്ടീസിന് 04.01.2023 തിയ്യതി ശ്രീ ജയരാജൻ സമർപ്പിച്ച മറുപടി

ശ്രീ കെ ടി ജയരാജൻ ,CPO 9782,(PEN 143589),എന്നയാൾ പേരാമ്പ്ര പോലീസ് സ്റ്റേഷനിൽ ഇൻവെസ്റ്റിഗേഷൻ സ്ക്വാഡിൽ ജോലി ചെയ്തു വരവേ 20.01.2020 തിയ്യതി 14.00 മണി സമയത്ത് ,പേരാമ്പ്ര പോലീസ് സ്റ്റേഷൻ അധീനതയിൽപ്പെട്ടതും പോലീസ് സ്റ്റേഷന് പിൻവശത്തായി മൺറോഡിനോട് ചേർന്ന് കാലപ്പഴക്കത്തിൽ ദ്രവിച്ചതുമായ പഴയ പോലീസ് ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ കിഴക്കേ അരികിലെ കെട്ടിട മുറിക്കകത്ത് വെച്ച് നാട്ടുകാരായ അഷ്റഫ്,S/o അമ്മദ്,ബിജു,S/o കുഞ്ഞിക്കണ്ണൻ എന്നിവരോടൊത്ത് പരസ്യ മദ്യപാനത്തിൽ ഏർപ്പെടുന്നതായി കാണുകയും പേരാമ്പ്ര പോലീസ് സ്റ്റേഷനിലെ എസ് ഐ ശ്രീ അബ്ദുൾ ഖാദർ ടിയാനെ നിയമാനുസരണം അറസ്റ്റ് ചെയ്ത മുതലുകൾ മഹസ്സർ പ്രകാരം ബന്തവസ്സിലെടുത്തും തുടർന്നു വൈദ്യ പരിശോധന നടത്തിയും ടിയാന്റെയും അഷ്റഫ് എന്നയാളുടെയും പേരിൽ ക്രൈം നമ്പർ 48/2020 U/s 15(c ) r/w 63 of Abkari Act പ്രകാരം പേരാമ്പ്ര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ് .

ഒരു അച്ചടക്ക സേനയിലെ അംഗത്തിന് നിരക്കാത്ത വിധം,പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ ഉള്ള, മതിയായ രേഖകൾ ഇല്ലാത്ത ഒരു മോട്ടോർ സൈക്കിൾ തിരികെ ലഭിക്കുന്നതിനായി സ്റ്റേഷനിൽ എത്തിയ സാധാരണക്കാരായ മേൽ സൂചിപ്പിച്ച വ്യക്തികളെ പ്രലോഭിപ്പിച്ച് അവിഹിതമായും ക്രമവിരുദ്ധമായും ആനുകൂല്യമെന്ന നിലയിൽ സൗജന്യമായി മദ്യം സംഘടിപ്പിച്ച് പൊതു സ്ഥലത്ത് വെച്ച് പരസ്യമായി മദ്യപാനം നടത്തുകയും പേരാമ്പ്ര പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 48/2020 U/s 15(c ) r/w 63 of Abkari Act കേസിൽ പ്രതിയാവുകയും ചെയ്തത് വഴി ഗുരുതരമായ അച്ചടക്ക ലംഘനവും സ്വഭാവദൂഷ്യവും പോലീസ് സേനയുടെ സൽപ്പേരിന് കളങ്കം വരുത്തുന്ന രീതിയിൽ നിരുത്തരവാദിത്വവും കാണിച്ചതായി പ്രഥമ ദൃഷ്ട്യാ ബോധ്യമായതിനാൽ പ്രസ്തുത കാര്യത്തിന് സൂചന 1 പ്രകാരം ടിയാനെ സർവീസിൽ നിന്നും സസ്പെൻറ് ചെയ്യുകയും ടിയാനെതിരെ വാക്കാലന്വേഷണം നടത്തി പി ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് താമരശ്ശേരി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനുറ്റ്സും അനുബന്ധ രേഖകളും ഞാൻ വിശദമായി പരിശോധിച്ചു.കുറ്റാരോപണ മെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വിശദമായ വാക്കാലന്വേഷണത്തിൽ തെളിയുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് വിയോജിച്ച് കൊണ്ട് ശിക്ഷയായി ടിയാന് ബ്ലാക്ക് മാർക്ക് നൽകുന്നതിന് ഞാൻ തൽക്കാലികമായി തീരുമാനിക്കുകയും കൂടാതെ ടിയാൻ സസ്പെൻഷനിലായിരുന്ന കാലം പെൻഷനും ഗ്രാറ്റുവിറ്റിക്കും മാത്രമായി പരിഗണിക്കുന്നതിനും ശമ്പളവും മറ്റ് അലവൻസുകളും ടിയാൻ വാങ്ങിയ ഉപജീവനപ്പടിയിൽ

നിജപ്പെടുത്തിക്കൊണ്ടും സൂചന 3 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി .മേൽ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല .ആയതിനാൽ എന്റെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ശിക്ഷയായി ടിയാന് ബ്ലാക്ക് മാർക്ക് നൽകുന്നതിനും കൂടാതെ ടിയാൻ സസ്പെൻഷനിലായിരുന്ന കാലം പെൻഷനും ഗ്രാറ്റുവിറ്റിക്കും മാത്രമായി പരിഗണിക്കുന്നതിനും ശമ്പളവും മറ്റ് അലവൻസുകളും ടിയാൻ വാങ്ങിയ ഉപജീവനപ്പടിയിൽ നിജപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം ടിയാന് ബഹു കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമാർപ്പിക്കാവുന്നതാണ്.

16-01-2023
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ ജയരാജൻ കെ ടി ,CPO 9782: മുക്കം SHO മുഖാന്തിരം

പകർപ്പ് : SHO മുക്കം: നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ,
ഹെഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി
എ1 മുതൽ എ5 B, ബി1,ബി2,ബി3, എഫ്1 മുതൽ എഫ്6 വരെയുള്ള
സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടിക്കുമായി
ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ